5. 2003-ലെ കേരള സർക്കാർ വകുപ്പുതല ഒഴിവുകൾ (യഥാസമയം നികത്തുന്നതിന്) പരിശോധനാ സമിതി ബിൽ

ശ്രീ. കെ. സി. വേണുഗോപാൽ: സർ, 2003-ലെ കേരള സർക്കാർ വകുപ്പുതല ഒഴിവുകൾ (യഥാസമയം നികത്തുന്നതിന്) പരിശോധനാ സമിതി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുകയാണ്.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുകയാണ്.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ഞാൻ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തെ എതിർക്കുകയാണ്. പി. എസ്. സി. ഭരണഘടനാ വ്യവസ്ഥ പ്രകാരം രൂപീകരിച്ചിട്ടുള്ള ഒരു സമിതിയാണ്. നിയമനങ്ങളെ സംബന്ധിച്ച് കാലാകാലങ്ങളിൽ സംസ്ഥാന സർക്കാർ കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പിലാക്കാൻ ബാദ്ധ്യതപ്പെട്ടിട്ടുള്ളതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ ഒരു ഭരണഘടനാ സ്ഥാപനമാണ് പി.എസ്.സി. അത്തരമൊരു സ്ഥാപനത്തിന്റെ പ്രവർത്തന രീതികൾ പരിശോധിക്കുന്നതിന് ഒരു സമിതി രൂപീകരിക്കുക എന്നുള്ളതാണ് ബഹുമാനപ്പെട്ട മെമ്പർ ഈ ബില്ലിലൂടെ നിർദ്ദേശിച്ചിരിക്കുന്നത്. അത്തരം ഒരു സമിതി രൂപീകരിക്കുന്നതിന് നിയമസാധുതയുണ്ടോ എന്നുള്ള ഒരു പ്രശ്നം ഇവിടെ ഉയർന്നു വരുന്നുണ്ട്. രണ്ടാമത് പി. എസ്.സി. വഴിയുള്ള നിയമനങ്ങളിൽ പാലിക്കേണ്ട വ്യവസ്ഥകളെ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ഇപ്പോൾ നിലവിലുണ്ട്. ഇതിൽ വീഴ്ച വരുത്തിയാൽ കർശനമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥകളും ഉണ്ട്. ഇത്തരം വീഴ്ചവരുത്തുന്നത് കുറ്റകരമായ അനാസ്ഥയായി കണക്കാക്കിക്കൊണ്ട് ഉത്തരവാദപ്പെട്ടവരുടെ മേൽ നടപടികൾ സ്വീകരിക്കുന്നതിന് ഗവൺമെന്റ് തയ്യാറാണ്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചിട്ടുള്ള കാര്യങ്ങളിൽ പി.എസ്.സി. കൃത്യമായ നടപടി സ്വീകരിക്കാതിരുന്നാൽ നടപടികൾ എടുക്കുന്നതിനും മറ്റു സംസ്ഥാനങ്ങളിലെ ഉദ്യോഗസ്ഥർ കാരണക്കാരായിട്ടുണ്ടെങ്കിൽ അവരുടെ മേൽ വിശദീകരണം ചോദിച്ച് നടപടികൾ എടുക്കുന്നതിനും ഗവൺമെന്റ് കാലാകാലങ്ങളിൽ തയ്യാറായിട്ടുണ്ട്. അതിനു വ്യക്തമായ നിർദ്ദേശങ്ങൾ ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗൗരവമായിത്തന്നെ അതു നടപ്പിലാക്കുന്നതാണ്. തൊഴിൽ രഹിതരായ ആളുകളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുക എന്നുള്ളത് വളരെ ഗൗരവമുള്ള കാര്യമായതുകൊണ്ട് അതിൽ വീഴ്ച വരുത്തിയാൽ ഗവൺമെന്റ് കർശനമായ നടപടി എടുക്കും. അതുകൊണ്ട് ഇത്തരം ഒരു സമിതി നിലനിൽക്കുന്നതോ അതു പ്രായോഗികമായതോ അല്ലാത്തതിനാലാണ് ഗവൺമെന്റ് ഈ പ്രമേയത്തെ എതിർക്കുന്നത്.

ശ്രീ. കെ. സി. വേണുഗോപാൽ: സർ, ഇതു വളരെ നിർഭാഗ്യകരമായിപ്പോയി. ബഹുമാനപ്പെട്ട മന്ത്രി വിദ്യാർത്ഥി യുവജന സംഘടനകളിലൂടെ വന്നയാളാണ്. ഞാൻ ഇവിടെ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന ബില്ലിൽ പറയുന്നത് പി.എസ്.സി.-യുടെ പ്രവർത്തന രീതികൾ പരിശോധിക്കാൻ വേണ്ടിയുള്ള ഒരു സമിതിയല്ല. ഇത് സർക്കാർ വകുപ്പുകളിലെ ഒഴിവുകൾ റിപ്പോർട്ടു ചെയ്യുന്ന കാര്യത്തിനാണ്. ഈ നിയമസഭയുടെ ചരിത്രമെടുത്തു പരിശോധിച്ചു നോക്കിയാൽ ഒരുപാട് അംഗങ്ങൾ ഈ നിയമസഭയിൽ ഉന്നയിച്ച പ്രശ്നമാണ് ഇതെന്ന് കാണാം. എല്ലാ കാലഘട്ടങ്ങളിലും, കേരളത്തെ സംബന്ധിച്ചിടത്തോളം ഇടതുപക്ഷ ജനാധിപത്യ മുന്നണിയായാലും ഐക്യജനാധിപത്യ

LIBRARY ARCHIVES Kerala Legislative Assembly

മുന്നണിയായാലും എല്ലാവർക്കും അതറിയാം. ഏതു മുന്നണിയായാലും തെരഞ്ഞെടുപ്പു കാലഘട്ടത്തിൽ അവർക്കു ഉപയോഗിക്കാനുള്ള ഒരു ആയുധമാണ് കേരളത്തിലെ ചെറുപ്പക്കാർ. പ്രകടന പത്രികയിൽ പറയുമ്പോൾ, 10 ലക്ഷം പേർക്ക് തൊഴിൽ അല്ലെങ്കിൽ 1000 കോടി രൂപയുടെ തൊഴിൽദാനപദ്ധതി, അങ്ങനെയൊക്കെ കേരളത്തിലെ ചെറുപ്പക്കാരെ മോഹവലയത്തിൽപ്പെടുത്തി അവരുടെ വോട്ടുകൾ വാങ്ങി തെരഞ്ഞെടുപ്പു കഴിഞ്ഞതിനുശേഷം നിഷ്ക്കരുണം അവരെ തള്ളിക്കളയുന്ന സമീപനമാണ് രണ്ടു മുന്നണികളും സ്വീകരിച്ചുകൊണ്ടിരിക്കുന്നത് എന്നുള്ളത് നമുക്ക് നന്നായിട്ട് അറിയാം. അതിനൊരു വ്യത്യാസം ഈ കാലഘട്ടത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപനത്തിലൂടെ നടത്തിയിട്ടുണ്ട്. പക്ഷേ ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി കേട്ടപ്പോൾ എനിക്കു വളരെ നിരാശയാണ് ഉണ്ടായത്. കഴിഞ്ഞ ദിവസം ഈ നിയമസഭയിൽ ശ്രീ. കെ. വി. സതീശ് ചന്ദ്രൻ അവതരിപ്പിച്ച ഒരു ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിനു ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ മറുപടി, ആലപ്പുഴ ജില്ലയിലെ കണക്ക് എന്റെ കയ്യിലുണ്ട് —കഴിഞ്ഞ നിയമസഭയുടെ കാലത്ത്, ഇടതുമുന്നണി ഭരിക്കുമ്പോൾ, ഞാൻ അപ്പുറത്തിരുന്നുകൊണ്ട് ഇതുന്നയിച്ചപ്പോൾ എനിക്കു വ്യക്തമായിട്ടുള്ള കണക്കുകൾ കിട്ടിയിട്ടുണ്ട്. ലക്ഷക്കണക്കിനു ചെറുപ്പക്കാർ, മഴ കാക്കുന്ന വേഴാമ്പലിനെപ്പോലെ, ഒരു തൊഴിലിനുവേണ്ടി ആഗ്രഹിച്ച് കാത്തിരിക്കുന്നുണ്ട്. ആ ചെറുപ്പക്കാരുടെ എണ്ണം ഓരോ ദിവസം കഴിയുംതോറും കൂടിക്കൊണ്ടിരിക്കുകയാണ്. എല്ലാവർക്കും വൈറ്റ് കോളർ ജോലി കൊടുക്കണമെന്നു ഞാൻ പറയുന്നില്ല.

ശ്രീ. തന്നാനൂർ രവി: കേരളത്തിലെ തൊഴിലില്ലാത്ത ചെറുപ്പക്കാരെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയമാണ് അങ്ങ് ഇവിടെ അവതരിപ്പിച്ചത്. അങ്ങു പറഞ്ഞതുപോലെ സഭയുടെ ഇരുഭാഗത്തും നിരന്തരം ചർച്ച നടന്ന ഒരു കാര്യമാണ് ഇത്. അങ്ങേയ്ക്കറിയാം, ഓരോ ദിവസം കഴിയുംതോറും ഗവൺമെന്റ് സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും നിയമനങ്ങൾ വളരെ കുറഞ്ഞുവരുന്ന ഒരു കാലഘട്ടമാണ് ഇതെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഗവൺമെന്റ് സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലുമുള്ള സാംഗ്ഷൻഡ് പോസ്റ്റുകളിൽ പോലും നിയമനങ്ങൾ താമസിക്കുന്നു. അതിന്റെ പ്രധാന കാരണം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലൂടെ ഡെയ്ലി വേജസിലും കോൺട്രാക്ട് അടിസ്ഥാനത്തിലും നിയമിക്കപ്പെടുന്ന ജീവനക്കാർ ആ തസ്തികയിൽ ഇരിക്കുന്നതുമൂലം ഇവർക്കു നിയമനം ലഭിക്കുന്നില്ല എന്നതാണ്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അത്തരം നിയമനങ്ങളല്ലേ കേരളത്തിൽ ആദ്യം മാറ്റേണ്ടത്?

ശ്രീ. കെ. സി. വേണുഗോപാൽ: അങ്ങ് പറഞ്ഞത് വസ്തുതാപരമായി വളരെ ശരിയാണ്. അതിലേയ്ക്കാണ് ഞാൻ വരുന്നത്. ബഹുമാനപ്പെട്ട മന്ത്രി തെറ്റിദ്ധരിച്ചതാണ്. സർക്കാർ വകുപ്പുകളിലെ ഒഴിവുകൾ, അതിൽ ആലപ്പുഴ ജില്ലയിലെ കണക്ക് എടുത്തു നോക്കിയാൽ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റിൽ മാത്രം 42 ഒഴിവുകൾ ഉണ്ട്. പി.എസ്.സി. യുടെ എക്സിസ്റ്റിംഗ് ലിസ്റ്റുണ്ട്. എന്നാൽ കഴിഞ്ഞ ആറുമാസമായി ആളെ എടുക്കുന്നില്ല. മുമ്പ് ഇടതുപക്ഷമുന്നണി ഭരിച്ചപ്പോഴും സ്ഥിതി ഇതുതന്നെയാണ്. ഇപ്പോൾ നമ്മൾ പറയുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുകയാണ്. ആരോഗ്യ വകുപ്പിൽ നഴ്സുമാരുടെ നിയമനം, ബി.എസ്.സി. നഴ്സിംഗ് കഴിഞ്ഞ നഴ്സുമാരുടെ പി.എസ്.സി. ലിസ്റ്റ് ആലപ്പുഴ ജില്ലയിൽ ഉണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിലും ജില്ലാ ആശുപത്രിയിലും നഴ്സുമാരുടെ

LIBRARY ARCHIVES Kerala Legislative Assembly

ഒഴിവുകൾ ഉണ്ട്. പക്ഷേ നിയമിക്കുന്നില്ല. ഒഴിവുകൾ റിപ്പോർട്ടു ചെയ്യുന്നില്ല. ഞാൻ ഉദ്യോഗസ്ഥന്മാരോടു ചോദിച്ചു, അവർ പറഞ്ഞത് മേധാവികൾ റിപ്പോർട്ടു ചെയ്യേണ്ട എന്നു പറഞ്ഞിട്ടുണ്ട് എന്നാണ്. കഴിഞ്ഞ കാലഘട്ടങ്ങളിലും ഇതുതന്നെയാണ് സ്ഥിതി. ഇവർക്കു റിപ്പോർട്ടു ചെയ്യേണ്ട എന്നു പറയാൻ ആരാണ് അധികാരം കൊടുത്തത്? അതു പരിശോധിക്കാൻ പല കമ്മിറ്റികളുമുണ്ട്. ഉദ്യോഗസ്ഥന്മാരെ വിളിച്ചു ചോദിക്കണം. ഞാൻ പറഞ്ഞു വന്നത് വകുപ്പുതല മേധാവികൾ ഒഴിവുകൾ റിപ്പോർട്ടു ചെയ്യുന്നില്ല എന്നാണ്.

<u>ശ്രീ. എം. വി. ജയരാജൻ:</u> ബഹുമാനപ്പെട്ട കെ. സി. വേണുഗോപാൽ പറഞ്ഞതും ഈ ബില്ലിലൂടെ വ്യക്തമാകുന്നതുമായ വളരെ പ്രധാനപ്പെട്ട കാര്യമാണ് അങ്ങയുടെ ശ്രദ്ധയിൽ ഞാൻ പെടുത്തുന്നത്. ഈ കഴിഞ്ഞയാഴ്ച കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലെ ഡ്രൈവർ തസ്തികയിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനുവേണ്ടി രണ്ടാമത്തെ വിധി ഹൈക്കോടതിയുടെ ഭാഗത്തു നിന്നു വന്നു. ആദ്യത്തെ വിധി ഒരു മാസത്തിനകം റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തണമെന്നാണ്. ആ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തേണ്ടുന്ന തസ്തിക ഉൾക്കൊള്ളുന്ന 89 തസ്തികകളിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ തൊഴിലെടുക്കുന്ന ഡ്രൈവർമാരുടെ ലിസ്റ്റ് കോടതിയുടെ മുമ്പിൽ പരാജരാക്കിയപ്പോൾ കോടതിയിൽനിന്ന് 'ഇവരെ പൂർണ്ണമായും പിരിച്ചു വിടണമെന്നും പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തണമെന്നും' പറഞ്ഞിട്ടുള്ള വിധി വന്നിട്ടും ഗവൺമെന്റ് നടപടികൾ സ്വീകരിക്കുന്നില്ല എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. കെ. സി. വേണുഗോപാൽ:</u> ഇത് ഇപ്രാവശ്യത്തെ മാത്രം പ്രശ്നമല്ല. ഇതിനു മുമ്പും ഉണ്ടായിരുന്നു. അതാണ് ഞാൻ പറഞ്ഞുവരുന്നത്. കേരളം ഭരിച്ച മാറി മാറി വന്ന മുന്നണികളുടെ കാലങ്ങളിൽ തുടർന്നുവരുന്നതാണ് ഇത്. കഴിഞ്ഞ പ്രാവശ്യം ഞാൻ അപ്പുറത്തിരുന്നുകൊണ്ട് ഇതേ പ്രശ്നം ഉന്നയിച്ചതാണ്. ഇതു വളരെ മോശമാണ് എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

<u>ശ്രീ. ടി. എൻ. പ്രതാപൻ:</u> ഒഴിവുള്ള പോസ്റ്റുകൾ റിപ്പോർട്ടു ചെയ്യുന്ന കാര്യത്തിൽ മാത്രമല്ല, കഴിഞ്ഞ ബഡ്ജറ്റിൽ ഗവർണ്ണറുടെ പ്രസംഗത്തിൽ 200 കോടി രൂപയുടെ തൊഴിൽദാന പദ്ധതി നടപ്പിലാക്കുമെന്നു നമ്മുടെ ഗവൺമെന്റ് ഈ സഭയിൽ പറഞ്ഞതാണ്. അതിനുശേഷം രണ്ട് ബഡ്ജറ്റ് മാറി വന്നു. അതിന്റെ ഒരു പദ്ധതിപോലും ഇതുവരെ തയ്യാറായിട്ടില്ല. ഒഴിവുള്ള വേക്കൻസികൾ റിപ്പോർട്ടു ചെയ്യുക മാത്രമല്ല ഇവിടെ സഭയിൽ പറയുന്ന കാര്യങ്ങൾ പോലും നടപ്പിലാക്കുന്നില്ല. ബഹുമാനപ്പെട്ട പാർലമെന്ററി കാര്യമന്ത്രി അങ്ങയുടെ ബില്ലിനെ തെറ്റിദ്ധരിച്ചതാണ് എന്നു എനിക്കു മനസ്സിലായി. അദ്ദേഹം അവസാനം മറുപടി പറയുമ്പോൾ അതു തിരുത്തും എന്നു തന്നെയാണ് എന്റെ വിശ്വാസം. അതുപോലെ ഈ ബിൽ അംഗീകരിക്കുമെന്നാണ് എന്റെ പ്രതീക്ഷ. അങ്ങനെ പറയാൻ കാരണം, ഇതു ഗവൺമെന്റിന് യാതൊരു ദോഷവും, സാമ്പത്തിക ബാദ്ധ്യതയും വരുത്തുന്നില്ല. ഇവിടെ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിലും ബഡ്ജറ്റുകളിലുമൊക്കെ പെരുപ്പിക്കാർക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കാത്തതിനെക്കുറിച്ചുള്ള അങ്ങയുടെ അഭിപ്രായം കൂടി ഈ ബില്ലിൽ വരേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. വേണുഗോപാൽ: ഇക്കാര്യത്തിൽ ഇന്നലെ ഭരിച്ചവരും ഇന്ന് ഭരിക്കുന്നവരും ഒരുപോലെ തന്നെയാണ്. ഇന്നു അൽപ്പം ഭേദമുണ്ടെന്നാണ് തോന്നുന്നത്. കഴിഞ്ഞ കാലഘട്ടത്തിൽ ഭരിച്ചിരുന്നവർ പറഞ്ഞത് എന്താണ്? 10 ലക്ഷം പേർക്ക് തൊഴിൽ നൽകും എന്നാണ്. ആർക്കു കൊടുത്തു തൊഴിൽ? അവസാനം പട്ടിയെ പിടിക്കാൻ പറഞ്ഞു. അതുപോലെ ആയിരം കോടി രൂപയുടെ തൊഴിൽദാന പദ്ധതി. നമ്മുടെ ഗവൺമെന്റു പറഞ്ഞതാണ്, ആർക്കും കൊടുത്തില്ല. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിക്കുമ്പോൾ ഒരു ചോദ്യം ചോദിച്ചു. പി. എസ്. സി. ലിസ്റ്റിൽ ഒരാളെപ്പോലും എടുക്കാതെ ലാപ്സായ ലിസ്റ്റുകളുടെ എണ്ണമെത്രയാണ് എന്ന്. 1999-ൽ രണ്ടു പി.എസ്.സി. ലിസ്റ്റുകളിൽനിന്ന് ഒരാളെപ്പോലും എടുക്കാതെ ആ ലിസ്റ്റുകൾ ലാപ്സായിപ്പോയി. ഒരു ടെസ്റ്റ് എഴുതാൻ എടുക്കുന്ന മാനസികവ്യഥ, അതിനു ഗവൺമെന്റിനു വരുന്ന ചെലവ് ഇതൊക്കെ നമ്മൾ മനസ്സിലാക്കണം. ഒഴിവില്ലാത്തതു കൊണ്ടല്ല. ഇവിടെ ശ്രീ. തമ്പാനൂർ രവി പറഞ്ഞതാണ് ശരി. ഈ വകുപ്പു മേധാവികൾക്കെല്ലാം പിൻവാതിലിൽക്കൂടി ആളുകളെ നിയമിക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് നമുക്കറിയാമല്ലോ ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിൽ എത്ര പേരെയാണ് ബാക്ക്ഡോറിലൂടെ നിയമിച്ചതെന്ന്. ഇപ്പോൾ എല്ലാപേരെയും സ്ഥിരപ്പെടുത്തിയില്ലേ? ഇപ്പോൾ നിയമനത്തിന്റെ കാര്യത്തിൽ നിരോധന മുള്ളതുകൊണ്ട് നടക്കുന്നില്ലായിരിക്കും. ഇവിടെ നടക്കുന്നതെന്താണ്? പി.എസ്.സി. ലിസ്റ്റിനേയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനേയും നോക്കുകുത്തികളാക്കിക്കൊണ്ട് ബാക്ക്ഡോറിലൂടെ ഇഷ്ടക്കാരെ തിരുകിക്കയറ്റാൻ വകുപ്പുമേധാവികൾ ശ്രമിക്കുന്നു. ചിലപ്പോൾ രാഷ്ട്രീയ നേതൃത്വത്തിന്റെ ഒന്നോ രണ്ടോ ആളുകളെ എടുക്കും. അവരെ തൃപ്തിപ്പെടുത്തും. ഇതിന്റെ മറവിൽ ഉദ്യോഗസ്ഥൻമാർ ആയിരക്കണക്കിന് ആളുകളെ നിയമിക്കും. ഇതാണ് നടന്നുകൊണ്ടിരിക്കുന്നത്. യഥാർത്ഥത്തിൽ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ പാടുപെട്ട് പഠിച്ച് പരീക്ഷയെഴുതി തയ്യാറാക്കിയിരിക്കുന്ന പി.എസ്.സി. ലിസ്റ്റിനെ പ്രഹസനമാക്കുന്നു.

ശ്രീ. എം. വി. ജയരാജൻ: ബഹുമാനപ്പെട്ട കെ. സി. വേണുഗോപാൽ പറയുമ്പോൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടന്ന നല്ല കാര്യങ്ങൾ മറച്ചുവയ്ക്കുന്നത് ശരിയല്ല. കേരളം രൂപം പ്രാപിച്ചതിനുശേഷം പി.എസ്.സി. വഴി റിക്കാർഡ് നിയമനം നടത്തിയത് കഴിഞ്ഞ ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെ ഭരണകാലത്താണ്. ഒരു ലക്ഷത്തിഇരുപത്തിഅയ്യായിരം പേർക്ക് പി.എസ്.സി. വഴി നിയമനം കൊടുത്തു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഒരു ലക്ഷം പേർക്ക് നിയമനം കൊടുത്തു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ രണ്ടു വർഷത്തിനിടയിൽ, 1953-ലെ നിർബന്ധപൂർവ്വം ഒഴിവുകൾ റിപ്പോർട്ട് ചെയ്യണമെന്നുള്ള നിയമമനുസരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലേക്ക് ആകെ ഒഴിവുകൾ റിപ്പോർട്ട് ചെയ്തത് 12,000 ആണ്. എന്നു പറഞ്ഞാൽ രണ്ടു വർഷം കൊണ്ട് 16,000 പേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള തൊഴിൽ നഷ്ടമുണ്ടായി. ഇത് ഇവിടെത്തന്നെ ചോദ്യങ്ങൾക്കുള്ള മറുപടിയായി റിപ്പോർട്ട് ചെയ്തിട്ടുള്ള ഒരു കാര്യമാണ്. അങ്ങയോട് എനിക്ക് ചോദിക്കുവാനുള്ളത്, അങ്ങ് അംഗമായ ഈ നിയമസഭയിൽ ഭരണപക്ഷത്തും പ്രതിപക്ഷത്തുമുണ്ടായിരുന്ന അംഗങ്ങൾ ചേർന്ന ഒരു യുവജന സമിതിയുണ്ടായിരുന്നു; ആ സമിതി കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ഒരു റിപ്പോർട്ട് സമർപ്പിച്ചു; ആ റിപ്പോർട്ടിനകത്ത് പറയുന്നത് ഒഴിവുകൾ നിർബന്ധപൂർവ്വം റിപ്പോർട്ട് ചെയ്യാനും മോണിറ്റർ ചെയ്യാനും വേണ്ടിയുള്ള ഒരു നിയമസഭാ സമിതി രൂപീകരിക്കണമെന്നാണ്. ആ റിപ്പോർട്ടിലെ ശുപാർശകൾ അങ്ങ് കൂടി അംഗീകരിച്ച കാര്യമാണ് എന്നുള്ളതുകൊണ്ട് ഇത് ഗവൺമെന്റിന്റെ മുമ്പാകെ പറയാൻ ഈ ബില്ലിൽ വ്യവസ്ഥ ചെയ്തുകൂടേ?

ശ്രീ. കെ. സി. വേണുഗോപാൽ: അങ്ങ് ആദ്യം പറഞ്ഞ കാര്യം ക്ഷീരമുള്ളോരകിടിൻ ചുവടാണ്. രണ്ടാമത് പറഞ്ഞത് കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്താണ് കൂടുതൽ നിയമനങ്ങൾ നടന്നത് എന്നാണ്. അങ്ങ് മനസ്സിലാക്കണം കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് നിയമിച്ച 9000 പ്ലസ് ടു ടീച്ചേഴ്സിന് നിങ്ങൾ അംഗീകാരവും കൊടുത്തില്ല, ശമ്പളവും കൊടുത്തില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എ. കെ. ആന്റണി അധികാരത്തിൽ വന്നതിനുശേഷമാണ് അവർക്ക് അംഗീകാരം കൊടുത്തത്. അത് മനസ്സിലാക്കണം. സാമ്പത്തിക സ്ഥിതി അത്രയ്ക്ക് തകരാറിലായതു കൊണ്ടാണ് നിങ്ങൾ ഇപ്പോൾ പ്രതിപക്ഷത്തിരിക്കേണ്ടിവന്നത്.

ശ്രീ. തമ്പാനൂർ രവി: കേരള ചരിത്രത്തിൽ പുറംവാതിലിലൂടെയും, ഡെയ്‌ലി വേജസിലൂടെയും, കോൺട്രാക്റ്റ് അടിസ്ഥാനത്തിലും ഏറ്റവും കൂടുതൽ ആളുകളെ നിയമിച്ചത് എൽ.ഡി.എഫ്. ഗവൺമെന്റാണെന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. കെ. സി. വേണുഗോപാൽ: ഞാൻ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാര്യം പറഞ്ഞു. യു.ഡി.എഫും. എല്ലാം ചെയ്തുവെന്ന അഭിപ്രായം എനിക്കില്ല. എല്ലാ കാലത്തും നടക്കുന്നത്, അഭ്യസ്തവിദ്യരായ ചെറുപ്പക്കാരെ തെരഞ്ഞെടുപ്പ് സമയത്ത് ചൂഷണം ചെയ്യാനുള്ള ഒരു ആയുധമാക്കി മാറ്റുകയെന്നതാണ്. അവർ സംഘടിതരാവാത്തതുകൊണ്ട് രാഷ്ട്രീയ പാർട്ടികളുടെ പിന്നിൽ നിൽക്കുന്ന സംഘടനകൾ—ഡി.വൈ.എഫ്.ഐ. ഇപ്പോൾ സമരം ചെയ്യും; ശ്രീ. നായനാർ ഭരിക്കുമ്പോൾ അവർ സമരം ചെയ്യുമോ? ഞാൻ പറഞ്ഞ അഭിപ്രായം ഇടതുമുന്നണി ഭരിക്കുമ്പോൾ ശ്രീ. എം. വി. ജയരാജൻ പറയുവാൻ തയ്യാറാകുമോ? അങ്ങ് ഡി.വൈ.എഫ്.ഐ.-യുടെ നേതാവായിരുന്നല്ലോ. നായനാർ ഗവൺമെന്റ് തൊഴിലില്ലാത്ത ചെറുപ്പക്കാർക്കെതിരായി ചെയ്ത കാര്യങ്ങൾ അന്ന് പറയാൻ തയ്യാറായില്ല. അതുകൊണ്ട് വന്നിരിക്കുന്ന പ്രശ്നമെന്താണെന്നു വെച്ചാൽ ചെറുപ്പക്കാർക്കുവേണ്ടി സംഘടിതമായി പറയാൻ ആളില്ലാത്ത ഒരവസ്ഥ വന്നിരിക്കുകയാണ്. അങ്ങ് പറഞ്ഞ രണ്ടാമത്തെ കാര്യം ശരിയാണ്. നമ്മൾ ഒരു സബ് കമ്മിറ്റി ഉണ്ടാക്കിയിരുന്നു. ബഹുമാനപ്പെട്ട രാധാകൃഷ്ണൻ മുൻകൈയെടുത്തുണ്ടാക്കിയ ഒരു കമ്മിറ്റിയാണ് അത്. ഈ നിയമസഭയിൽ അപ്പുറത്തിരിക്കുന്ന അംഗങ്ങളും ഇപ്പുറത്തിരിക്കുന്ന അംഗങ്ങളും ഒന്നാന്തരം ഒരു റിപ്പോർട്ട് കൊടുത്തിരുന്നു. അതിനകത്ത് പറഞ്ഞതാണ്. വകുപ്പുതല ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസമുണ്ട് അതിനൊരു നിയമസഭ കമ്മിറ്റി വേണമെന്ന് അന്ന് ഒറ്റയ്ക്ക് ആവശ്യപ്പെട്ടിരുന്നതാണ്. എന്നാൽ ഇന്ന് നമുക്കെല്ലാവർക്കും കൂടി കൂട്ടായി സ്പീക്കറോട് ആവശ്യപ്പെടാം. ഇത് ഇങ്ങനെ ആവർത്തിക്കാൻ പാടില്ല. പുതിയ ഒഴിവുകൾ ഉണ്ടാകുന്നില്ലയെന്നു പറഞ്ഞാൽ മനസ്സിലാക്കാം. പക്ഷേ നിലവിലുള്ള ഒഴിവുകൾ നിലനിൽക്കെത്തന്നെ പിൻവാതിലിലൂടെ ആളുകളെ നിയമിക്കുകയും ലിസ്റ്റിൽനിന്നും ശമ്പളം അവർക്ക് കൊടുക്കുകയും, യഥാർത്ഥത്തിൽ കഷ്ടപ്പെട്ട് പഠിച്ച് പി.എസ്.സി. പരീക്ഷയെഴുതിയവന് ഇത് കിട്ടാതിരിക്കുകയും ചെയ്യുന്നതിനെ ഒരു കാരണവശാലും ന്യായീകരിക്കാൻ കഴിയില്ല.

ശ്രീ. കോവൂർ കുഞ്ഞുമോൻ: അങ്ങ് കേരളത്തിലെ ചെറുപ്പക്കാരുടെ പ്രധാനപ്പെട്ട പ്രശ്നമാണല്ലോ ഇവിടെ ഉന്നയിച്ചുകൊണ്ടിരിക്കുന്നത്. ഈ വകുപ്പുതല ഉദ്യോഗസ്ഥൻമാർ ഒരുപാട് ഒഴിവുകളുണ്ടായിട്ടും അത് റിപ്പോർട്ട് ചെയ്യാതിരിക്കുന്നതും പി.എസ്.സി.-യെ കൊണ്ട് ഈ വകുപ്പുകളിൽ നിയമനം നടത്താൻ ഒരു താൽപ്പര്യവുമെടുക്കാതിരിക്കുന്നതും ഈ വകുപ്പുതല ഉദ്യോഗസ്ഥൻമാർക്ക് ഇത്തരം തസ്തികകളിൽ അനധികൃതമായി ആളുകളെ നിയമിച്ച് പണം സമ്പാദിക്കുന്നതിനാണ്. അപ്പോൾ അതിനെസംബന്ധിച്ചുകൂടി അങ്ങ് ഈ ബില്ലിൽ ഒരു പരാമർശം നടത്താൻ തയ്യാറാകുമോ?

ശ്രീ. കെ. സി. വേണുഗോപാൽ: അതുകൊണ്ടാണല്ലോ ഞാൻ ആഡിയോ വിഷ്വലിന്റെ കാര്യം പറഞ്ഞത്. അത് കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണ കാലത്താണ്. ആ കാര്യങ്ങളിലൊക്കെ വളരെ ശക്തമായ നടപടികളെടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എൻ. പ്രതാപൻ: നമ്മുടെ ചെറുപ്പക്കാരെ മാറിമാറി വരുന്ന ഗവൺമെന്റുകളും രാഷ്ട്രീയ പ്രവർത്തകരും ഇലക്ഷനുവേണ്ടിയും അവരുടെ താൽപ്പര്യങ്ങൾക്കുവേണ്ടിയും മാത്രമുപയോഗിക്കുന്ന ഒരു യന്ത്രമാക്കി മാറ്റുന്ന കാര്യമാണ് അങ്ങ് ഇവിടെ പറഞ്ഞത്. ഇന്ന് ചെറുപ്പക്കാർക്ക് രാഷ്ട്രീയ പാർട്ടികളിൽ വിശ്വാസം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഡി. വൈ. എഫ്.ഐ.-യിൽ ആയാലും യൂത്ത് കോൺഗ്രസ്സിലായാലും എല്ലാ യുവജന രാഷ്ട്രീയ പ്രസ്ഥാനങ്ങളിലും നമ്മുടെ നാട്ടിലെ ചെറുപ്പക്കാർക്ക് വിശ്വാസം കുറഞ്ഞുവരുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതുകൊണ്ടാണല്ലോ ഫാസിസ്റ്റ് സംഘടനകളിലുൾപ്പെടെ ചെറുപ്പക്കാർ കൂട്ടത്തോടെ പോയ്ക്കൊണ്ടിരിക്കുന്നത്. രാഷ്ട്രീയ പാർട്ടികൾ ചെറുപ്പക്കാരോട് സ്വീകരിക്കുന്ന വഞ്ചനാപരമായ നിലപാട്, തൊഴിലിന്റെ കാര്യത്തിലായാലും നേതൃത്വ പങ്കാളിത്തത്തിന്റെ കാര്യത്തിലുൾപ്പെടെ വഞ്ചനാപരമായ സമീപനം സ്വീകരിക്കുന്ന എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും സമീപനമല്ലേ ഇന്ന് ചെറുപ്പക്കാരെ ഫാസിസ്റ്റ് ശക്തികളുടേയും വർഗ്ഗീയ സംഘടനകളുടേയും അധീനതയിലേക്ക് നയിക്കാനുള്ള പ്രധാനപ്പെട്ട കാരണമെന്ന് അങ്ങേക്ക് അറിയാമോ?

ശ്രീ. കെ. സി. വേണുഗോപാൽ: അങ്ങ് പറഞ്ഞതിനോട് പൂർണ്ണമായും യോജിക്കാൻ കഴിയില്ലെങ്കിലും ആശങ്കകളുണ്ട്. ചെറുപ്പക്കാരെ സംബന്ധിച്ചിടത്തോളം അവർ നിരാശയിലേക്ക് പോയ്ക്കൊണ്ടിരിക്കുകയാണ്. ഒരു ജോലിക്കുവേണ്ടി കാത്തിരിക്കുന്ന ചെറുപ്പക്കാർ പരീക്ഷ എഴുതി, ടെസ്റ്റ് പാസ്സായി അവസാനം അവനെ എടുക്കാതെ ബാക്ക് ഡോറിലൂടെ ആളുകളെ അപ്പോയിന്റ് ചെയ്യുമ്പോൾ അവനുണ്ടാകുന്ന നൈരാശ്യം അവനെ മറ്റുപല പ്രസ്ഥാനങ്ങളിലേക്കും എത്തിക്കുന്നു. രാഷ്ട്രീയ പാർട്ടികളിൽ വിശ്വാസം കുറയുകയും ചെയ്യാം.

മി. ഡെ. സ്പീക്കർ: Your time is over, Are you concluding today?

ശ്രീ. കെ. സി. വേണുഗോപാൽ : No..... No ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. അതുകൊണ്ട് ഇന്ന് കൺക്ലൂഡ് ചെയ്യാൻ പറ്റുകയില്ല. ഇവിടെ പറഞ്ഞതുപോലെ രാഷ്ട്രീയ പാർട്ടികൾ എല്ലാ കാലഘട്ടങ്ങളിലും ഇത്തരം കാര്യങ്ങളിൽ ഒരു നയപരിപാടി സ്വീകരിച്ചില്ലെങ്കിൽ ഈ പറഞ്ഞതുപോലെ ചെറുപ്പക്കാർ നൈരാശ്യത്തിനടിമപ്പെട്ട് നമ്മുടെ നാടിന് ഒട്ടും ഗുണകരമല്ലാത്ത ഒരവസ്ഥയിലേക്ക് പോകുമെന്ന കാര്യത്തിൽ സംശയമില്ല.

ശ്രീ. പി. ടി. തോമസ് : ബഹുമാനപ്പെട്ട ആലപ്പുഴ മെമ്പർ കേരളത്തിലെ തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ വികാരങ്ങൾ ഒപ്പിയെടുത്തുകൊണ്ട് വളരെ ഹൃദയസ്പർശിയായി പറയുന്ന കാര്യങ്ങളോട് നൂറു ശതമാനവും ഞാൻ യോജിക്കുകയാണ്. പക്ഷേ ഇന്ന് കേരളത്തിലെ ചെറുപ്പക്കാർക്ക് തൊഴിൽ

LIBRARY ARCHIVES Kerala Legislative Assembly

കിട്ടുന്നതിനുള്ള തടസ്സങ്ങൾക്ക് മൂലകാരണമായി പ്രവർത്തിച്ചത് കഴിഞ്ഞ ഇടതുപക്ഷ മുന്നണി ഗവൺമെന്റ് ഇറക്കിയ രണ്ട്, മൂന്ന് ഉത്തരവുകളാണെന്ന് ഓർക്കുന്നുണ്ടല്ലോ. ഉദാഹരണമായി 2278/99, 994/2000, 817/2001 എന്ന ഈ മൂന്ന് ഉത്തരവുകളാണ് തത്വത്തിൽ കേരളത്തിൽ നിയമന നിരോധനം ആദ്യമായി ഉണ്ടാക്കിയത്. അവയുടെ ചുവടുപിടിച്ചാണ് ചില നിയന്ത്രണങ്ങൾ ഡിപ്പാർട്ടുമെന്റ് തലത്തിൽ വന്നത്. യഥാർത്ഥത്തിൽ കേരള സമൂഹത്തെ ആഗോളവൽക്കരണത്തിലേക്ക് നയിച്ച കഴിഞ്ഞകാല ഗവൺമെന്റിന്റെ ചെയ്തികളോടൊപ്പംതന്നെ ഏറ്റവും ഗുരുതരമായവയാണ് ഈ മൂന്ന് ജി. ഒ.-കൾ എന്നതിനെ സംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. കെ. സി. വേണുഗോപാൽ: ഞങ്ങൾ അന്ന് പ്രതിപക്ഷത്തിരുന്ന് വളരെ നിശിതമായി വിമർശിച്ചിരുന്ന ഒരു കാര്യമായിരുന്നു ഇത്. മുൻ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. ശിവദാസമേനോൻ ഇറക്കിയ രണ്ട്, മൂന്ന് ഉത്തരവുകളാണ് ഇതിനു ഉപോൽബലകമായിട്ടുള്ളത്. ഇതിന്റെ മറപിടിച്ചുകൊണ്ടുള്ള സമീപനമാണ് ഈ രംഗത്ത് ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നത്. ഇതുമൂലമാണ് പി. എസ്. സി. നിയമനത്തിൽ കുറവുവന്നിട്ടുള്ളത്. ഇതിന്റെ മൂലകാരണക്കാർ ഇടതുപക്ഷനേതാക്കൾ തന്നെയാണ്. ഞാൻ ഇവിടെ പറയുന്നത് ഇടതുപക്ഷമുന്നണിയാണോ ഐക്യജനാധിപത്യ മുന്നണിയാണോ എന്നതിനുപകരം .....

ശ്രീ. എം. വി. ജയരാജൻ: ഏറ്റവും വാസ്തവ വിരുദ്ധമായിട്ടുള്ള ഒരു പ്രസ്താവനയാണ് ബഹുമാനപ്പെട്ട തൊടുപുഴ മെമ്പർ പി. ടി. തോമസ് നടത്തിയിട്ടുള്ളത്. ഇത് ഈ സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണ്. ഞാൻ ഇവിടെ കോട്ട് ചെയ്യുന്നത് 2002 ജനുവരി മാസം 16-ാം തീയതി ജി. ഒ. പി. 56-ലെ ക്ലാസ്സാണ് - നിയമന നിരോധനം. അതിൽ പറയുന്നത് Appointment by the PSC rank list should be done only by the approval of the Committee constituted by the Finance Secretary and P&ARD Secretary. ഭരണഘടനാപരമായി രൂപം കൊണ്ടിട്ടുള്ള പി. എസ്. സി.-ക്ക് മുകളിൽ ഗവൺമെന്റ് നിയോഗിച്ച ഗവൺമെന്റ് സെക്രട്ടറിമാരുടെ കമ്മിറ്റിയുടെ അപ്രൂവൽ വാങ്ങിയിട്ട് മാത്രമേ നിയമനം നടത്താൻ പാടുള്ളൂവെന്നുള്ളത് നമ്മുടെ രാജ്യത്തിലെ ഒരു സംസ്ഥാനത്തും ഇല്ലാത്തതാണ് എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? നമ്മുടെ തൊടുപുഴ മെമ്പർ പറഞ്ഞത് വാസ്തവവിരുദ്ധമായ ഒരു കാര്യമാണെന്ന് അങ്ങ് സമ്മതിക്കുന്നുണ്ടോ?

ശ്രീ. കെ. സി. വേണുഗോപാൽ: നമ്മൾ ഇപ്പോഴും രാഷ്ട്രീയത്തിന്റെ പേരിൽ നിൽക്കുകയാണ്. നമ്മൾ എൽ. ഡി. എഫ്.-നും യു. ഡി. എഫ്.-നും വേണ്ടി നിൽക്കുകയാണ്. ബഹുമാനപ്പെട്ട എം. വി. ജയരാജൻ പറഞ്ഞത് ഇപ്പോഴത്തെ ഓർഡറാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ശിവദാസമേനോൻ ഇറക്കിയ ഓർഡറുണ്ടായിരുന്നു; അതാണ് ശ്രീ. പി. ടി. തോമസ് ഇവിടെ കോട്ട് ചെയ്തത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. തോമസ്: ബഹുമാനപ്പെട്ട എം. വി. ജയരാജൻ എന്റെ പ്രസ്താവന തെറ്റാണെന്ന് പറയുകയുണ്ടായി. ഇപ്പോൾ ആരുടെ പ്രസ്താവനയാണ് ശരിയാണെന്നറിയാൻ വലിയ സമയം വേണ്ട. ഞാൻ ഉന്നയിക്കുന്ന ജി. ഒ. നമ്പരുകൾ 2278/99, 994/2000, 817/2001 ഈ ഉത്തരവുകൾ ഇടതുപക്ഷ മുന്നണിയുടെ ഭരണകാലത്തിറക്കിയ ഉത്തരവുകളാണ്. ആ ഉത്തരവുകളിറക്കിയ നിങ്ങൾ ഇന്ന് ന്യായവാദവുമായി ഇറങ്ങിയിരിക്കുന്നത് ശരിയാണോ? സ്വന്തം മനസ്സാക്ഷി മറച്ചുവച്ചുകൊണ്ട് ഇങ്ങനെ പറയുന്നത് ശരിയാണോ? ഞാൻ പറഞ്ഞത് ശരിയാണോ തെറ്റാണോ എന്ന് സ്ഥാപിക്കാൻ മദ്ധ്യസ്ഥനെ സമീപിക്കാം എന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ടി. എൻ. പ്രതാപൻ: ഒരു കാര്യം ബോദ്ധ്യമായി, കഴിഞ്ഞ ഗവൺമെന്റായാലും ഈ ഗവൺമെന്റായാലും ചെറുപ്പക്കാരുടെ കാര്യത്തിൽ, തൊഴിൽ കൊടുക്കുന്ന കാര്യത്തിൽ, തൊഴിൽ കൊടുക്കാതിരിക്കുന്ന കാര്യത്തിൽ രണ്ടു ഗവൺമെന്റുകളും യുവാക്കളെ വഞ്ചിക്കുകയായിരുന്നു എന്നുള്ളത് പച്ചയായ സത്യമാണ്. നമ്മൾ അങ്ങോട്ടുമിങ്ങോട്ടും രാഷ്ട്രീയം പറഞ്ഞിട്ട് കാര്യമില്ല. ചെറുപ്പക്കാർക്ക് തൊഴിൽ ലഭിക്കാനുള്ള അവസരം ഉണ്ടാക്കുക, വേക്കൻസികൾ റിപ്പോർട്ട് ചെയ്യുക, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അതിന് ആവശ്യമായ കനിവ് കാട്ടുക. ഒഴിവുള്ള തസ്തികകൾ നികത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുക. അതാണ് ആവശ്യം. ഇക്കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് ബോദ്ധ്യമുണ്ടോ?

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി 40,000 പേർക്ക് നിയമനം കൊടുത്തിട്ടുണ്ട്. നിങ്ങൾ രണ്ടുകൂട്ടരുംകൂടി ഇങ്ങനെ പറഞ്ഞാൽ യാഥാർത്ഥ്യം ആർക്കെങ്കിലും മൂടിവയ്ക്കാൻ കഴിയുമോ?

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതും ബഹുമാനപ്പെട്ട തൊടുപുഴ മെമ്പർ പറഞ്ഞതും ബഹുമാനപ്പെട്ട ടി. എൻ. പ്രതാപൻ പറഞ്ഞതും കാൽക്കുലേറ്റ് ചെയ്തുകൊണ്ട് പറയാം. ആക്ട് അനുസരിച്ച് പി. എസ്. സി.-യുടെ ലിസ്റ്റിന്റെ കാലാവധി നീട്ടിക്കൊടുക്കണമെങ്കിൽ സ്വാഭാവികമായും നിയമന നിരോധനം വേണം. പത്താം നമ്പർ സബ്ജക്ട് കമ്മിറ്റിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഇക്കാര്യം ചർച്ച ചെയ്തു. ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രിക്ക് അറിയാം. ബഹുമാനപ്പെട്ട ആന്റണി ഗവൺമെന്റ് ക്യാബിനറ്റിൽവെച്ച് പി. എസ്. സി. ലിസ്റ്റിന്റെ കാലാവധി നീട്ടിക്കൊടുത്തു. എസ്. ആർ. ഒ. നമ്മുടെ സബ്ജക്ട് കമ്മിറ്റിയിൽ വന്നു. നിയമന നിരോധനമുണ്ടോയെന്ന് നമ്മൾ ചോദിച്ചു. ആക്ട് അനുസരിച്ച് നിയമന നിരോധനമില്ലാതെ കാലാവധി നീട്ടിക്കൊടു

ക്കാൻ പറ്റുകയില്ല. അപ്പോഴാണ് മുഖ്യമന്ത്രി ഇക്കാര്യം ഓർക്കുന്നത്. ലാ സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും പറഞ്ഞു നിയമന നിരോധനമില്ലാതെ ലിസ്റ്റിന്റെ കാലാവധി നീട്ടാൻ ക്യാബിനറ്റിന് അധികാരമില്ല എന്ന്. പിന്നെ എന്താണ് മാർഗ്ഗം? അങ്ങനെ ആലോചിച്ചപ്പോൾ ആകെ ചെയ്യാവുന്നത് ഒന്നുകിൽ ആക്ടിലെ ക്ലാസ്സ് എടുത്തുകളയണം. അല്ലെങ്കിൽ നിയമന നിരോധനം സമ്മതിക്കണം. ഞങ്ങൾ പറഞ്ഞു ഇതെല്ലാം തർക്കമില്ലാതെ സമ്മതിക്കാം. പക്ഷേ ഒരു കണ്ടീഷൻ ലിസ്റ്റിന്റെ കാലാവധി ആറു മാസമെന്നുള്ളത് ഒരു വർഷമായി നീട്ടണം എന്ന്. മുഖ്യമന്ത്രി സമ്മതിച്ചു. അങ്ങനെയാണ് പ്രശ്നം പരിഹരിച്ചത്. ഇടതുപക്ഷ ഗവൺമെന്റിന്റെ ഭരണകാലത്ത് ഓർഡർ ഉണ്ടെങ്കിലും നിയമന നിരോധനം പ്രാബല്യത്തിൽ ഇല്ലായിരുന്നു. ഈ പ്രത്യേക സാഹചര്യത്തിൽ ആന്റണി സർക്കാരിന്റെ കാലത്ത് നിയമന നിരോധനം ഉള്ളതുകൊണ്ടുതന്നെയാണ് ലിസ്റ്റിന്റെ കാലാവധി നീട്ടിക്കൊടുത്തത്. ആ വസ്തുത നിഷേധിക്കാമോ?

ശ്രീ. കെ. സി. വേണുഗോപാൽ: ബഹുമാനപ്പെട്ട പി. സി. ജോർജ് ഇപ്പോൾ പറഞ്ഞത് പൂർണ്ണമായും ശരിയല്ല. ശ്രീ. പി. ടി. തോമസ് ചോട്ട് ചെയ്ത മൂന്ന് ഓർഡറുകളും കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണ കാലത്ത് ബഹുമാനപ്പെട്ട ശിവദാസമേനോൻ ഇറക്കിയതാണ്. ഇതിന്റെ ഭാഷ മാറ്റിയെന്നല്ലാതെ അന്നും നിയമന നിരോധനം ഉണ്ടായിരുന്നു. ഞാൻ എത്രയോ തവണ സബ്ജക്ട് കമ്മിറ്റിയിൽ ഉന്നയിച്ചതാണ്. ഞങ്ങൾ ഇതിനെ രാഷ്ട്രീയമായിട്ട് കാണുന്നില്ല. നിങ്ങളുടെ സാമ്പത്തിക മിസ്മാനേജ്മെന്റിന്റെ ഫലമായി കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധി കൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. 9000 പ്ലസ് ടു അദ്ധ്യാപകരെ നിയമിച്ചിട്ട് നിങ്ങൾ അംഗീകാരവും കൊടുത്തില്ല. ശമ്പളവും കൊടുത്തിട്ടില്ല. ഇപ്പോഴാണ് അവർക്ക് ശമ്പളം കൊടുത്തത്. അങ്ങനെയുള്ള കാര്യങ്ങളാണ് ഇവിടെ നടന്നിട്ടുള്ളത്.

ശ്രീ. പി. ടി. തോമസ്: കേരളത്തിലെ 40 ലക്ഷത്തോളം വരുന്ന ചെറുപ്പക്കാരെ ബാധിക്കുന്ന പ്രശ്നമായതുകൊണ്ട് ഇടപെടേണ്ടിവരുന്നത് അനുവദിക്കണം. ബഹുമാന്യനായ ആലപ്പുഴ മെമ്പർ പറഞ്ഞുവരുന്ന വികാരം ഉൾക്കൊണ്ടുകൊണ്ട് ഞാൻ പറയുകയാണ്, ഇതിനേക്കാൾ ഗുരുതരമാണ് കേരളത്തിന്റെ ചരിത്രത്തിൽ യാതൊരു സംശയവും ജനിപ്പിക്കാതെ പ്രവർത്തിച്ചുപോന്ന പി. എസ്. സി.-യുടെ മേൽ അഴിമതിയുടെ കാർമേഘപടലം വന്നു നിൽക്കുന്നത് അങ്ങ് കാണുന്നില്ലേ? കേരളത്തിന്റെ ചരിത്രത്തിൽ ഒരിക്കലും പി. എസ്. സി. ഇത്രയും നഗ്നമായ അഴിമതി നടത്തിയിട്ടില്ല. അതിനെക്കുറിച്ച് എന്താണ് പറയാനുള്ളത്?

ശ്രീ. കെ. സി. വേണുഗോപാൽ: ബഹുമാനപ്പെട്ട മെമ്പർ ശ്രദ്ധിക്കാത്തതുകൊണ്ടാണ്. ഈ സഭയിൽ ഇതു സംബന്ധിച്ച് ഞാനാണ് ആദ്യമായി സബ്മിഷൻ അവതരിപ്പിച്ചത്. പി. എസ്. സി. ചെയർമാന്റെ ധാർമ്മിക ബോധം

LIBRARY ARCHIVES Kerala Legislative Assembly

നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണെന്ന് പറഞ്ഞ് ഞാൻ സബ്മിഷൻ അവതരിപ്പിച്ചു. ഈ കാര്യത്തിൽ വളരെ ഗൗരവമായ ചർച്ചയുടെ ആവശ്യമുണ്ട്. എന്തായാലും ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാട് മാറ്റണം. ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ പരിശോധനാ സമിതി ഉണ്ടാകണം. ബഹുമാനപ്പെട്ട മന്ത്രി തെറ്റിദ്ധരിച്ചിരിക്കുകയാണ്. പരിശോധന വേണ്ടത് പി. എസ്. സി.-ക്കല്ല. വകുപ്പു മേധാവികൾക്കാണ്. അത് പരിശോധിക്കാൻ വേണ്ടിയാണ് സമിതി ഉണ്ടാകേണ്ടത്. എന്റെ ബില്ലിന്റെ പേരും അതാണ്, 2003-ലെ സർക്കാർ വകുപ്പുതല ഒഴിവുകൾ (യഥാസമയം നികത്തുന്നതിന്) പരിശോധനാ സമിതി ബിൽ. അത് ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കണം.

(ചർച്ച തുടരും)

6. 2003-ലെ കേരളാ ഓട്ടോമൊബൈൽ തൊഴിലാളി ക്ഷേമനിധി ബിൽ

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, 2003-ലെ കേരളാ ഓട്ടോമൊബൈൽ തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. വേണുഗോപാൽ: പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ഞാൻ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തെ എതിർക്കുകയാണ്. കേരളത്തിലെ മൂന്നു ലക്ഷത്തോളം വരുന്ന ഓട്ടോമൊബൈൽ തൊഴിലാളികൾക്കുവേണ്ടി ഒരു പ്രത്യേക ക്ഷേമനിധി ഉണ്ടാക്കണമെന്നുള്ളതാണ് ബഹുമാനപ്പെട്ട മെമ്പറുടെ ബില്ലിന്റെ പ്രധാനപ്പെട്ട ഉദ്ദേശ്യം. എന്നാൽ ഓട്ടോമൊബൈൽ തൊഴിലാളികൾക്ക് നിലവിലുള്ള ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിന്റെ കീഴിൽ ഒരു ക്ഷേമ പദ്ധതി രൂപീകരിക്കാനുള്ള കരട് തയ്യാറാക്കി വരുന്നു. കേരളാ ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി, 2003 എന്നാണ് ഈ പദ്ധതിക്ക് പേരിട്ടിരിക്കുന്നത്. നാലുചക്ര, മുച്ചക്ര, ഇരുചക്ര വാഹന വർക്ക്ഷാപ്പുകൾ, ഓട്ടോ ഇലക്ട്രിക് വർക്ക്ഷാപ്പുകൾ, സ്പ്രേ പെയിന്റിംഗ് വർക്ക്ഷാപ്പുകൾ, ടയർ റീട്രെഡിംഗ് ഷോപ്പുകൾ, സർവ്വീസ് സ്റ്റേഷൻ തുടങ്ങി മോട്ടോർ വാഹനങ്ങളുമായി ബന്ധപ്പെട്ട എല്ലാ വർക്ക്ഷാപ്പുകൾക്കും അതിലെ തൊഴിലാളികൾക്കും ഈ പദ്ധതി ബാധകമായിരിക്കും. ഈ ബില്ലിൽ പറഞ്ഞിരിക്കുന്ന ഓട്ടോമൊബൈൽ തൊഴിലാളികൾക്ക് മേൽപ്പറഞ്ഞ ക്ഷേമനിധിയുടെ ഗുണഭോക്താക്കളാകാമെന്നുള്ളതുകൊണ്ട് പുതുതായി ഇത്തരം ഒരു ബില്ലിന് പ്രസക്തിയില്ലായെന്നുള്ളതാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: നമ്മുടെ ബഹുമാന്യനായ മന്ത്രി എല്ലാ സ്വകാര്യ മെമ്പർമാരുടെ ബില്ലുകളുടേയും കഴുത്തറക്കുകയാണ് ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly